**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5993** **09-07-2024 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് കെ.ഇ.എൽ. ന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് കെ.ഇ.എൽ. യൂണിറ്റിന്റെ ഭൂമിയിൽ നിന്നും ഈ സ്ഥാപനത്തിലേക്ക് അടക്കം ജലം എത്തിക്കുന്നതിനുള്ള കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി ഏതുവരെയായി; വിശദമാക്കാമോ; | (എ) | എടരിക്കോട് കെൽ യൂണിറ്റിന്റെ കൈവശമുള്ള സ്ഥലത്ത് നിന്ന് എടരിക്കോട് പഞ്ചായത്തിലെ ജല ജീവൻ മിഷൻ പദ്ധതികൾക്കായി 50.47 സെന്റ് സ്ഥലം വിട്ടു നൽകുവാൻ മലപ്പുറം ജില്ലാ കളക്ടർ ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലം കമ്പനി വിലകൊടുത്തു വാങ്ങിയതായതിനാൽ മതിയായ നഷ്ടപരിഹാരം ലഭിക്കാതെ സ്ഥലം വിട്ടുനൽകുന്നതിനുള്ള ബുദ്ധിമുട്ട് കമ്പനി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ഒരു മീറ്റിംഗ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ എടരിക്കോട് യൂണിറ്റിന്റെ കൈവശമുള്ള 50.47 സെന്റ് സ്ഥലം സ്വകാര്യ ഭൂമിയായി പരിഗണിച്ച് മതിയായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം മലപ്പുറം ജില്ലാ കളക്ടർക്ക് നൽകുകയുമുണ്ടായി. |
| (ബി) | പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് അനുകൂല നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു- വരികയാണ്. |

സെക്ഷൻ ഓഫീസർ